# മഷി



GVHSS KARIMKUTTY

ഗുളിക പറഞ്ഞ കഥ

# മഷി

G V H S S KARIMKUTTY

# ഉള്ളടക്കം

1. വായന
2. സ്വാസ്ഥ്യം
3. ഭൂമി
4. മഴ
5. മഴ
6. ബഷീറിന്റെ കാഴ്ച്ചകൾ
7. എൻ തോഴിയാം രാത്രി
8. ശുചിത്വം
9. പരിസ്ഥിതിയെക്കുറിച്ചുള്ള വിവരണം
10. കടങ്കഥകൾ
11. ശൈലികൾ - പ്രയോഗങ്ങൾ
12. ഓർമ്മകൾ
13. ഇരുട്ടിലെ വേട്ട

# വായന

വായന ഒരു ലഹരി
മനുഷ്യനെ വളർത്തുന്ന ലഹരി
അവനറിയാതെ
വീണുപോയ ലഹരി

മനസിനെ കാക്കുന്ന ലഹരി
ഇനിയും അവൻ തേടുന്ന ലഹരി
അവനറിയാത്ത വരികളെ
തേടുന്നലഹരി

SREEHARI V M
CLASS 8 B



# സ്വാസ്ഥ്യം

ഒരിക്കൽ എങ്കിലും .....

ഒന്നുറക്കെ ചിരിക്കണം

മൂളിപ്പാട്ട് പാടാൻ തുനിയെ

കുത്തുന്ന പെൺനോട്ടങ്ങളെ

ഒന്നുറക്കെപ്പാടി തോല്പിക്കണം

ഒരിക്കലെങ്കിലും അയൽപക്കത്തെ

പെൺപിറാക്കളോടൊപ്പം

കുശുമ്പു കേൾക്കണം

ഒരിക്കലെങ്കിലും ഒന്ന് കൊതി തീരെ

ഉറങ്ങി തളരണം

വെച്ചുവിളമ്പി അടുത്തിരുന്നാരെങ്കിലും

ഒന്നൂട്ടണം ...

വെന്തു വേവിക്കുന്ന ചോറു കൂട്ടാൻ

കറികളിൽ നിന്ന് വിയർപ്പിന്റെ

ഉപ്പ് മധുരിക്കണം ...

THANMAYA JES MARIYA
CLASS 10 A

# ഭൂമി

ഭൂമിമാതാവെ നിൻ വയറ്റിൽ
പിറന്നിതാ ഞങ്ങൾ;
ആശങ്കയോടെ എവിടെ ജീവിക്കും?
എവിടെ മരിക്കും?
ഇത്തിരി മണ്ണില്ല പാരിൽ
ചൂടേറ്റു വാടിക്കിടക്കുന്നു കൊമ്പുകൾ
അമ്മേ നിൻ തുളച്ച മാറിൽ!
എവിടെ തിരയും ഒരു തുള്ളി ദാഹജലം
എന്തൊരപരാധിയാണീ മനുഷ്യൻ
ഒരു കൊച്ചു വനമില്ല അരുവികളുമില്ല
എല്ലാം മായുന്നു, നശിക്കുന്നു
ഇതിന്റെയവസാനമെന്ത്?
ആരുണ്ട് രക്ഷിക്കാൻ?

ANANYA A
CLASS 8 A




ഇടിയൊന്ന് വെട്ടി മിന്നൽ വന്നു

കാറ്റു ഒന്ന് കൂടെ എത്തിയല്ലോ

ചറ പറ പെയ്ത മഴ ആകട്ടെ

പെരുമഴ പോലെ പെയ്തിറങ്ങി

വെണ്ണിലാവെട്ടം പോലുള്ള നിന്റെ

സൗന്ദര്യം വെട്ടി തിളങ്ങുന്നു

മഴയുടെ തുള്ളികൾ പൂക്കൾ തൻ

ഇതളിലായി വന്നു പുഞ്ചിരി വിടരുന്ന യാമം

മലകളും പുഴകളും ഒത്തു ചേരുന്നൊരു

മലയാള നാടിന്റെ സൗന്ദര്യം

എന്റെ മലയാള നാടിന്റെ സൗന്ദര്യം....

ANEEJA CHANDRAN
CLASS 9 B

# മഴ

മധുരമായ മഴ


ആകാശത്തു നിന്ന്

മഴത്തുള്ളികൾ സാവധാനം ഭൂമിയിലേക്ക്

മഴയുടെ ലോലഭാവങ്ങൾ



NANDHANA KRISHNA A G
CLASS 8 A



# ബഷീറിന്റെ കാഴ്ചകൾ

മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മനുഷ്യൻ കാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടത് ഗാന്ധിജിയെ തൊട്ട ആ കാലത്താണ് ഞാൻ ഹിന്ദി പഠിച്ചത് .ഞാൻ ഒരുപാട്ടു കക്കൂസുകൾ ശുദ്ധമാക്കിയിട്ടുണ്ട്, കാരണം ഗാന്ധിജിയുടെ ശിഷ്യനായിരുന്നു . ഇനി അങ്ങോട്ട് രണ്ടായിരം വർഷത്തേക്ക് അപ്രതീക്ഷിതമായ സന്ദർഭങ്ങളിൽ  മനുഷ്യസമൂഹത്തിന് അനുഭവപ്പെടാൻ പോകുന്ന അതുല്യമായ ഒരു സൗരഭ്യമാണ് ഗാന്ധിജി .അതോ കേൾക്കപ്പെടാൻ പോകുന്ന അതുല്യമായ ഒരു ഗാനമോ?????.........

ANANYA K K
CLASS 8 B

# എൻ തോഴിയാം രാത്രി

രാത്രിയുടെ തീരങ്ങളിൽ ഞാനലയുന്നു
ഹാ! എന്തു രാഗമിന്നീ രാത്രിയ്ക്ക്
രാത്രിയെന്നും രാത്രി തന്നെ
എന്റെ സുന്ദരസ്വപ്നങ്ങളുമൊ
പ്പമെൻ നഷ്ടദു:ഖങ്ങളും
എല്ലാമറിയുമെൻ തോഴിയാം രാത്രിയെ
ഇന്നെന്തേ നീ ദു:ഖാർത്ഥയായി
നിൽപ്പൂ?
ചന്ദ്രകിരണങ്ങൾ ചുംബിച്ചു നിൽക്കുന്ന
ഈ നല്ല രാത്രി നിലാവുള്ള രാത്രി
വൈരങ്ങളെല്ലാം ഉറങ്ങുന്ന രാത്രി
കുമന്റെ തേങ്ങലുയരുമീ രാത്രിയിൽ
മനുഷ്യമനസ്സിൽ കുളിർകാറ്റ് വീശുന്നു
പുത്തൻപുലരി സ്വപ്നം

ARJUN KRISHNA 0 B
CLASS 9 A

# ശുചിത്വം

രോഗം വരാതെ സൂക്ഷിച്ചീടാൻ
എന്താ നമ്മൾ ചെയ്യേണ്ടത്?
രോഗം വരുവാൻ കാരണമായ
വേരുകൾ ആദ്യം അറുത്തീടണം
വീടും പറമ്പും ശുചിയാക്കുമ്പോൾ
രോഗം നമ്മൾ അകറ്റീടുന്നു
നമ്മെ നാം ശുചിയാക്കുമ്പോൾ
പകർച്ച വ്യാധികൾ
അകന്നീടുന്നു.

GOPIKA R
CLASS 10 A

# പരിസ്ഥിതിയെക്കുറിച്ചുള്ള വിവരണം

മനുഷ്യന് ചുറ്റും കാണുന്നതും പ്രകൃതിദത്തവുമായ അവസ്ഥയെ ആണ് പരിസ്ഥിതി എന്ന് പറയുന്നത്.എല്ലാ വിധ സസ്യങ്ങളും ജന്തുക്കളും അടങ്ങുന്നതാണ് പരിസ്ഥിതി. ഇതൊരു ജൈവഘടനയാണ്. പരസ്പര ആശ്രയത്തിലൂടെയാണ് സസ്യവർഗവും ജീവിവർഗവും പുലരുന്നത്. ഒന്നിനും ഒറ്റപ്പെട്ടു പുലരാനാവില്ല. ഒരു സസ്യത്തിന് നിലനിൽക്കാൻ മറ്റു സസ്യങ്ങളും ജീവികളും ആവശ്യമാണ്. ഇങ്ങനെ അന്യോന്യം ആശ്രയത്തിലൂടെ വളരുമ്പോൾ പരിസ്ഥിതിയിൽ പല മാറ്റങ്ങളും കാണുന്നു.മനുഷ്യൻ ഒരു ജീവിയാണ്. വിശേഷ ബുദ്ധിയുള്ള ഒരു ജീവി. പ്രകൃതിയെ ആശ്രയിച്ചാണ് മനുഷ്യൻ കഴിയുന്നത്. പ്രകൃതിയിലെ ചൂടും തണുപ്പും വെയിലും കാറ്റും ഉൾക്കൊള്ളാതെ അവനു ജീവിക്കാൻ കഴിയില്ല. അണകെട്ടി വെള്ളം നിർത്തുകയും കെട്ടിടങ്ങൾ ഉണ്ടാക്കുകയും വനം വെട്ടിവെളുപ്പിക്കുകയും ചെയ്യുമ്പോൾ പരിസ്ഥിതിയിൽ പല മാറ്റങ്ങളും ഉണ്ടാകുന്നു.പ ്ലാസ്റ്റിക് പോലുള്ള ഖരപദാർത്ഥങ്ങൾ മണ്ണിനെ ദുഷിപ്പിക്കുന്നു.

ANEENA K P
CLASS 10 A

# കടങ്കഥകൾ

1)അടുക്കളയിലെ അമ്മായിയമ്മ
പൂച്ച
2)പകലെല്ലാം മിന്നി മിന്നി രാത്രി ഇരുട്ടറയിൽ
കണ്ണ്
3)കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ
കണക്കില്ലാത്ത മുത്തു മണികൾ
നക്ഷത്രങ്ങൾ
4)വായമൂടി മുഖത്തടിച്ചാൽ കേൾക്കാനിമ്പം
മദ്ദളം
5)വായില്ലാ ഭരണിയിൽ രണ്ടച്ചാർ
മുട്ട്
6)കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും
ചിതല്
7)കൈപ്പത്തി പോലെ ഇല
വേരുപോലെ കായ
വെണ്ട
8)ചുണ്ടില്ലെങ്കിലും ചിരിക്കും, കരയും, അട്ടഹസിക്കും
മേഘം
9)പൊന്നുതിന്ന് വെള്ളി തുപ്പി
ചക്കച്ചുള
10)നല്ല നായക്ക് നാവിന്മേൽ പല്ല്
ചിരവ
11)ആനയിലുണ്ട് ചേനയിലില്ല
ഇമയിലുണ്ട് ഇഷ്ടത്തിലില്ല
രണ്ടക്ഷരമുള്ള ഞാനാര്?
ആമ
12)കറുത്ത പാറമേൽ വെളുത്ത കത്തി
ആന
13) കാട്ടിൽ കിടക്കുന്നവൻ കൂട്ടായി വന്നു
വടി

AMAYA J
CLASS 10 A

# ശൈലികൾ - പ്രയോഗങ്ങൾ

പട്ടപൊളിയുക - സത്യം പുറത്തറിയുക

ചെമ്പ് തെളിയുക _ കളവ് പുറത്തറിയുക

മണ്ണാന്റെ കഴുത -ദൈന്യര്യം കെട്ട ജീവിതം

ആറാട്ട് കൊമ്പൻ -പ്രതാപശാലി

വനരോദനം - ആരും കേൾക്കാത്ത ആവലാതി

നാന്ദി കുറിക്കുക - ആരംഭിക്കുക്ക

മൂക്കിൽ കയറിടുക - നിയന്ത്രിക്കുക

കടലിൽ കായം കലക്കുക -

പ്രയോജനമില്ലാത്ത പ്രവർത്തിക്കുക

ATHUL KRISHNA
CLASS 9 A

# ഓർമ്മകൾ

വേനൽച്ചൂടും പരീക്ഷാച്ചൂടും
ദുസ്സഹമായ മാർച്ചിന്റെ
തീക്ഷണതയിലേയ്ക്ക് ലോക്ഡൗൺ എന്ന
ലോകപ്പൂട്ട് വീണു
കഴിഞ്ഞു.ഏറെ ആശങ്കകളോടെ
സ്വീകരണമുറിയിലെ യന്ത്ര
പെട്ടിയിലേയ്ക്ക് കണ്ണും
നട്ടിരിക്കവേ,
അമേരിക്കയിലേയും,ഇറ്റലിയിലേ
യും, മറ്റ് വിദേശ
രാജ്യങ്ങളിലേയും നരഹത്യയുടെ
വാർത്തകൾ
ഉൾക്കിടിലത്തോടെയല്ലാതെ
ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.
കാര്യങ്ങൾ കൈവിട്ടു
പോകുമെന്ന് കരുതിയിരിക്കവേ,
SSLC പരീക്ഷ ഏറെ
ഭയാശങ്കകളോടെ, കൊറോണ
എന്ന കുഞ്ഞു വൈറസിന്റെ
മുമ്പിൽ ലോകം വിറങ്ങലിക്കേ,
നടത്തിത്തീർത്തു. ഇത്ര
വിദൂരമായൊരു കാലത്തോളം
ഈ യുദ്ധം നിലനിൽക്കുമെന്ന്
കരുതാൻ സമയമേറെയെടുത്തു.
അന്യന്റെ സ്വകാര്യതകളിൽ
നിന്ന് സ്വന്തം
സ്വകാര്യതകളിലേക്ക് നാം
വളർന്നു. ഞാനില്ലാതെ ഈ
ലോകമേ നിലനിൽക്കില്ലെന്ന
ചിന്തയിൽ നിന്നും
ഞാനില്ലാത്തൊരു ലോകം ഉണ്ടാകും എന്ന
തത്വം
മനസ്സിലായി.
ആരാധനാലയങ്ങളിലല്ല,
അവനവനിൽ തന്നെയാണ്
ആത്മീയത എന്നും പഠിക്കാൻ
ഏറെ കാലം വേണ്ടി വന്നില്ല.

ആയുർവേദ സംഹിതകളും
അവയുടെ നേരറിവുകളും പഴയ
തലമുറയ്ക്കൊപ്പം
പുതുതലമുറയ്ക്കും
രുചിഭേദമായി.ആയുർവേദ
മൂലികൾക്കൊപ്പം
പൊടിപിടിച്ചിരുന്ന പുസ്തക
ശേഖരവും പൂപ്പൽ എന്ന
ക്യാൻസർ ബാധയിൽ
നിന്നുംവെളിച്ചത്തിന്റെ
റേഡിയേഷനു വിധേയമായി.
അമൂല്യമായ പല മഹദ്
ഗ്രന്ഥങ്ങളും പുനർവായനയ്ക്കും
മദനത്തിനും മനനത്തിനും
കാരണമായി. ജയകാന്തൻ,
സുഭാഷ് ചന്ദ്രൻ, റൂസ്സോ,
കെ.ആർ മീര, സോളമൻ
നോർത്തപ്, ഹ്യൂഗോ, ഗോർക്കി,
ജയമോഹൻ, കുറോയാനഗി
തുടങ്ങിയ ധാരാളം എഴുത്തുകാർ
എത്രയെത്ര വൈചിത്ര്യങ്ങളാണ്
എന്നിൽ  സൃഷ്ടിച്ച് കടന്നു
പോയത്.
ചിതലരിച്ചു പോയൊരു വായനാ
സംസ്കാരത്തെ ഒട്ടൊന്നുമല്ല ഈ
കൊറോണക്കാലം
സംസ്കരിച്ചെടുത്തത്.പഴയ
തലമുറയുടെ
പ്രതിനായകന്മാരായിരുന്ന
മൊബൈലും, ടി വി യും,
വാട്ട്സാപ്പും,

ഒരുദിവസത്തിന് 24
മണിക്കൂറാണെന്ന കണക്ക്
സ്കൂളിൽ പഠിച്ചതല്ലാതെ, അവ
കണ്ടെത്താൻ കഴിഞ്ഞതും ഈ
കൊറോണക്കാലത്തു തന്നെ.
വാക്കുകൾക്കപ്പുറത്ത് വെടിപ്പ്
കൈയ്യകലത്തിലാണെന്നും
മനസിലാക്കി. ഈ കുഞ്ഞു
വൈറസിനൊപ്പം എന്തെല്ലാം
പുതുവാക്കുകളാണ് നമ്മെ
വിസ്മയിപ്പിച്ച് സന്തത
സഹചാരിയായത്.

കൊറോണക്കാലം നഷ്ടമാക്കിയ
അധ്യയനവർഷമായിരുന്നു ഏറെ
വേദനിപ്പിച്ചത്. നവ
മാധ്യമങ്ങളും, സ്മാർട്
ഫോണുകളും പോലും നേരിട്ടു
കണ്ടിട്ടില്ലാത്ത, ഒരു പറ്റം
പച്ചയായ മനുഷ്യരുടെ,
അവരുടെ മക്കളുടെ വിദ്യാഭ്യാസ
പ്രശ്നങ്ങളാണ് എന്നെ ഏറെ
വീർപ്പുമുട്ടിച്ചത്.ഉൾനാടൻ
ഗ്രാമങ്ങളിൽ വൈദ്യുതി പോലും
അന്യമായിട്ടുള്ള നിസ്വരായ
മനുഷ്യർ.... 80 % ലധികം ആദിവാസി
വിഭാഗക്കാർ പഠിക്കുന്ന എന്റെ
വിദ്യാലയത്തിലെ ശേഷിച്ചവർ
സാമ്പത്തികക്കാരായിരുന്നു.

സ്ക്കൂളിനു സമീപം
പ്രവർത്തിക്കുന്ന പട്ടി ക വർഗ്ഗ
പെൺകുട്ടികളുടെ  ഹോസ്റ്റലിലെ
കുട്ടികളെ തേടി പോകലാ
യിരുന്നു ഏറെ ശ്രമകരം.
വയനാട്ടിലെ പിന്നാക്ക, ഉൾനാടൻ
ഗ്രാമങ്ങളിലെ നിർധനരായ
പെൺകുട്ടികളായിരുന്നു അവർ.
വയനാട്ടിലെ ഭൂസ്വത്തിൻ്റെ
നല്ലൊരുഭാഗം കൈവശപ്പെടുത്തി,
അനുഭവിച്ചു പോരുന്ന ഒരു
വിഭാഗം മുതലാളിമാരുടെ
തോട്ടങ്ങളിൽ പണിയെടുക്കുന്ന,
ഒരു പറ്റം സ്ത്രീ
തൊഴിലാളികളുടെ
കൂട്ടുവേലക്കാരികളായി മാറിയ
പെൺകുട്ടികളുടെ ദയനീയ
ചിത്രമായിരുന്നു അതിൽ
വല്ലാതെ വേദനിപ്പിച്ചത്.

അവരിൽ അധികവും
ആദിവാസി
വിഭാഗങ്ങൾക്കിടയിൽ
കാണപ്പെടുന്ന അരിവാൾ
രോഗത്തിൻ്റെ
ഇരകളുമായിരുന്നു.

പിന്നീട്
പഠനകേന്ദ്രങ്ങൾവന്നതോടുകൂടി
അവിടേയ്ക്കുള്ള
യാത്രയായി.വൈദ്യുതി പോലും
ലഭ്യമല്ലാതിരുന്ന പഠന
കേന്ദ്രങ്ങളിൽ ലാപ്ടോപ്
ഉപയോഗിച്ച് ഇന്നും അധ്യയനം
നിർവ്വഹിച്ചു വരുന്നു. ഒരു
ദിവസം കാലത്ത് വീട്ടിലെ
പണികളെല്ലാം ഒതുക്കി,
തിടുക്കത്തിൽ വണ്ടിയിൽ കയറി
പഠനകേന്ദ്രത്തിലേയ്ക്ക്

യാത്രയാകവേ, വഴിയ്ക്കു വെച്ച്
സ്ക്രൂളിലെ ഏതാനും കുട്ടികൾ
ആരവം മുഴക്കി അടുത്തെത്തി.
അവരുടെ
സമീപംവണ്ടിയൊതുക്കി
വിശേഷങ്ങൾ പങ്കുവയ്ക്കവേ,
അതിലൊരാളുടെ വസ്ത്രം എന്നെ
വല്ലാതുലച്ചു. ഇട്ട വസ്ത്രം കൂടി
അഴിച്ചിട്ടാലും ഉണ്ണും
ബാക്കിയാണ് എന്ന വി.കെ.എൻ
ശൈലി ഓർക്കവേ തന്നെ
,ചുവന്ന നിറത്തിൽ അവനിട്ട
കമ്പിളി വസ്ത്രം എന്നെ ഒരു
പാട് അസ്വസ്ഥയാക്കി.
മാത്രവുമല്ല, കക്ഷത്തിൻ്റെ
ഭാഗത്തുള്ളതുപോലുള്ള വലിയ
ദ്വാരങ്ങൾ ഇനിയും അവൻ്റെ
കുപ്പായത്തിൽ
അവിടവിടങ്ങളിലായി

കാണാമായിരുന്നു.ഇത് അവൻ്റെ
ദുർബലമായ കറുത്ത ശരീരത്തെ
എടുത്തു
കാണിച്ചിരുന്നു.വല്യമ്മയുടെ
സംരക്ഷണത്തിൽ കഴിയുന്ന
അവനേയും മറ്റ് രണ്ട്
സഹോദരങ്ങളേയും അച്ഛൻ
കൂലി പണിയെടുത്താണ്
വളർത്തുന്നത്. കോൺ ഗ്രീറ്റിൽ
തീർത്ത ചെറിയൊരു വീട്.ഏറെ
മുഷിഞ്ഞതെങ്കിലും, ലോക്
ഡൗൺ കാലത്ത് പച്ചപ്പു
കൊണ്ടവൻ മനോഹരമാക്കി
തീർത്തിരിക്കുന്നു. താൻ
നട്ടുവളർത്തിയ
ചെടികളെക്കുറിച്ചും, മറ്റ്
ജീവജാലങ്ങളെക്കുറിച്ചും അവൻ
വാ തോരാതെ സംസാരിക്കുന്നതു
കണ്ടപ്പോൾ അവൻ്റെ മുഖത്തെ
ദൈന്യത എന്നേക്കാൾ
ഉയരത്തിൽ ജ്വലിച്ചു
നിൽക്കുന്നതായി എനിക്കു
തോന്നി.

ഒരു നാൾ ക്ലാസ് മുറി
വിട്ട് പുറത്തേയ്ക്കിറങ്ങിയ
എൻ്റെ പിന്നാലെഓടിയെത്തി,
ടീച്ചർ എൻ്റെ അമ്മയെ
പോലെയാണ് എന്നവൻ
പറഞ്ഞു. അമ്മയെക്കുറിച്ച് ഞാൻ
ചോദിച്ചതും....."അമ്മമരിച്ചു
പോയി " എന്നവൻ
നിഷ്കളങ്കനായി പറഞ്ഞു. അന്ന്
ഞാനനുഭവിച്ച അതേ വല്ലായ്മ
ഇന്ന് എന്നെ കൂടുതൽ
ശൂന്യയാക്കി മാറ്റിയിരിക്കുന്നു.
വാങ്ങി വെച്ച വസ്ത്രങ്ങളുടെ
പകിട്ടുമാറാതെ, അവയ്ക്ക്
പത്രാസില്ലെന്നു പറഞ്ഞ എൻ്റെ
മകനെക്കുറിച്ച് ഞാനൊരു
നിമിഷം ഓർത്തു പോയി
.അടുത്ത ദിവസം അവനൊരു
കുപ്പായം കയ്യിൽ കരുതാതെ
അവിടം കടന്നു പോകാൻ
എനിക്കായില്ല. ഇനിയും
മുറിവുണങ്ങാത്ത എത്രയെത്ര
മനുഷ്യരുടെ ചോരപ്പാടിലൂടെ,
ചോര പൊടിയുന്ന  മനസ്സുമായി
എത്ര കാലംവേച്ചു വേച്ചു
നീങ്ങേണ്ടി വരുമെന്ന്
ആർക്കറിയാം....

ധന്യ എസ് ഡി
ജിവിഎച്ച്എസ്എസ്
കരിങ്കുറ്റി

# ഇരുട്ടിലെ വേട്ട

---------------------------------

ക്രൂരാകരിരിട്ടിലെ ചെന്നായതൻ

വേട്ടപോലെ ഇരുട്ടിലെ നായയാം

മനുഷ്യ വേട്ട

പാവം കൊച്ചു പൈതൽ
കരഞ്ഞിടുമ്പോൾ പാവയെപ്പോൽ
വലിച്ചു കീറാൻ ഇടയായി അവൾ

അമ്മതൻ മുലപ്പാൽ നുകരുന്ന
പൈതലും അമ്മിഞ്ഞ പാലൂറ്റിയ
അമ്മയും എന്നിരുട്ടിൽ സാക്ഷി

കാമദ്രോഹിതൻ കണ്ണിൽ
അമ്മയെന്നോ പെണ്ണുങ്ങൾ എന്നോ

ഇല്ലിന്ന് കാമവെളിച്ചംമാത്രമായി
വെളിച്ചത്തിലെ മുഖം മൂടി

അഴിച്ചാടിടാൻ അവൻ ഇന്ന് ഇരുട്ടാം

സാക്ഷി മാത്രം മതിയായിരുന്നു

എന്നിത് തീരും ഇരുട്ടിലെ ഈ നായ വേട്ട..? എന്നു വരും പെണ്ണിന് സുഖനിദ്ര..?

MAYOOKHA PRADEEP
CLASS 10 A

നിങ്ങളുടെ ജീവിതത്തിലെ
സന്തോഷം എന്നത്
നിങ്ങളുടെ ചിന്തയെ
ആശ്രയിച്ചിരിക്കുന്നു

ഈ മഷി ഒരു

വഴികാട്ടിയാവട്ടെ

# നന്ദി